"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - ചാലക്കുടി എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ശ്രീ.ഹരീഷ്.സി.യു-നെതിരായ കൈക്കൂലി ആരോപണം സംബന്ധിച്ച് നടത്തിയ മിന്നൽ പരിശോധന - ഉദ്യോഗസ്ഥനെ വേലവിലക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.331/2026/TAXES തീയതി,തിരുവനന്തപുരം, 18-03-2026

---

പരാമർശം:- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.12.2025-ലെ E11-(SC-98/2025/TSR)52417/2025/DVACB നമ്പർ കത്ത്

2. വിജിലൻസ് വകുപ്പിന്റെ 04.03.2026-ലെ എ2/532/2025-വിജി നമ്പർ കത്ത്

**ഉത്തരവ്**

ചാലക്കുടി എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ശ്രീ.ഹരീഷ്.സി.യു-നെതിരായ കൈക്കൂലി ആരോപണം സംബന്ധിച്ച് ലഭിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ SC-98/2025/TSR നമ്പരായി 22.12.2025-ൽ മിന്നൽ പരിശോധന നടത്തിയതായും വിജിലൻസ് സംഘം പരിശോധനയ്ക്കായി വാഹനം തടയാൻ ശ്രമിച്ചപ്പോൾ ശ്രീ.ഹരീഷ്.സി.യു കാർ വെട്ടിച്ചു കടന്നുകളയാൻ ശ്രമിക്കുകയും തുടർന്ന് ട്രാഫിക്ക് ബ്ലോക്കിൽ കുടുങ്ങിയപ്പോൾ വാഹനത്തിൽ നിന്നും 32,500/- രൂപ (മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) അടങ്ങിയ പൊതി പുറത്തേയ്ക്ക് വലിച്ചെറിയുകയും ചെയ്തിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച് ടിയാൻ തൃപ്തികരമായ മറുപടി നൽകിയിട്ടില്ല എന്നും സൂചന (1) പ്രകാരമുള്ള ഇടക്കാല റിപ്പോർട്ടിൽ അറിയിച്ചിരുന്നു.

2) മേൽ പ്രവൃത്തികൾ ടി ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള

കുറ്റകരമായ മനോഭാവത്തെയും തെളിവ് നശിപ്പിക്കാനുള്ള ശ്രമത്തെയുമാണ് സൂചിപ്പിക്കുന്നത് എന്നതിനാലും, പണത്തിന്റെ ഉറവിടം, അനധികൃത സ്വത്ത് സമ്പാദനം എന്നിവയിൽ തുടർ അന്വേഷണം നടക്കുന്ന സാഹചര്യത്തിലും, ക്രിമിനൽ കേസ്, വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം എന്നിവയ്ക്കുള്ള സാധ്യതകൾ നിലവിലുള്ളതിനാലും ആരോപണവിധേയൻ സർവീസിൽ തുടരുന്നത് അന്വേഷണത്തെ അട്ടിമറിക്കാനും തെളിവുകൾ നശിപ്പിക്കുവാനും ഇടയാക്കും എന്നതിനാലും ടിയാനെ സർവീസിൽ നിന്നും അടിയന്തരമായി സസ്പെൻഡ് ചെയ്യണമെന്ന് പരാമർശം (2) പ്രകാരം വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിരിക്കുന്നു.

3) വിജിലൻസ് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽ മിന്നൽ പരിശോധനയിൽ കുറ്റക്കാരനെന്ന് സംശയിക്കപ്പെടുന്ന ചാലക്കുടി എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ശ്രീ.ഹരീഷ്.സി.യു (PEN: 206119)-നെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സർവ്വീസിൽ നിന്നും വേലവിലക്കി ഇതിനാൽ ഉത്തരവാകുന്നു.

4) ടി ഉദ്യോഗസ്ഥന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണെന്നും നിഷ്കർഷിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.ഹരീഷ്.സി.യു (എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ, ചാലക്കുടി) (എക്സൈസ് കമ്മീഷണർ മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. വിജിലൻസ് (എ) വകുപ്പ് (04.03.2026-ലെ എ2/532/2025-വിജി നമ്പർ കത്ത് പ്രകാരം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/40/2026-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 18-03-2026 12:34:49